**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം:2032** 05/12/2018 **ൽ മറുപടിയ്ക്ക്**

**നാദാപുരം മണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിൽ നിന്ന് നൽകിയ തുക**

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.ഇ.കെ.വിജയൻ** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |

(എ) ഈ സർക്കാർ കാലയളവിൽ നാദാപുരം മണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും എത്ര രൂപയുടെ ധനസഹായം വിതരണം ചെയ്തു, വിശദമാക്കുമോ;

(ബി) നാദാപുരം മണ്ഡലത്തിൽ വിതരണം ചെയ്ത തുകയുടെ വിവരങ്ങൾ ഗ്രാമ പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(എ) & (ബി) മണ്ഡലം / ഗ്രാമ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ സൂക്ഷിക്കാറില്ല.

(സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് എം.എൽ.എ മുഖാന്തിരം നൽകിയ അപേക്ഷകളിന്മേൽ പല വില്ലേജുകളും യഥാസമയം റിപ്പോർട്ട് അയയ്ക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ഡി) നാദാപുരം മണ്ഡലത്തിലെ എടച്ചേരി, തൂണേരി, കാവിലുംപാറ തുടങ്ങിയ വില്ലേജുകളിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള അപേക്ഷകളിൻമേലുള്ള റിപ്പോർട്ട് അയയ്ക്കാതെ കാലവിളംബം വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ഇ) എങ്കിൽ അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കി പാവപ്പെട്ട രോഗികൾക്ക് നിഷേധിക്കപ്പെടുന്ന ചികിത്സാസഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

(സി), (ഡി) & (ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ധനസഹായത്തിന് അർഹതയുള്ളതും പൂർണ്ണവുമായ അപേക്ഷകളുടെ മുൻഗണനയും അടിയന്തിര സ്വഭാവവും കണക്കിലെടുത്ത് കഴിയുന്നതും വേഗം തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചു വരുന്നുണ്ട്.

Smitha.A.S.

സെക്ഷൻ ഓഫീസർ